08/06/2020

17.3.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.52*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.150/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. കൃഷ്ണകുമാർ വി.കെ**
**സൗപർണ്ണിക, കുറ്റിയിൽ ലൈൻ**
**ചിറ്റൂർ-678 101** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **അസിസ്റ്റന്റ് എഞ്ചിനീയർ**
   **ചിറ്റൂർ തത്തമംഗലം നഗരസഭ**
   **പാലക്കാട്**

2. **അപ്പീൽ അധികാരി ആന്റ് സെക്രട്ടറി**
   **ചിറ്റൂർ തത്തമംഗലം നഗരസഭ**
   **പാലക്കാട്**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.10.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 12.11.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 04.12.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

3. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.09.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ വാർഡ് മീറ്റിംഗിൽ വച്ച് 18.04.2017 ന് ചിറ്റൂർ 10-ാം വാർഡ് കൗൺസിലർക്ക് സെക്രട്ടറിക്കായി എഴുതിയ പരാതിയുടെ കോപ്പി നൽകിയിട്ടുണ്ടെന്നും ആയത് ഇ2 സെക്ഷന് നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നുമാണ്.
4. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 11.10.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷ പരിശോധിച്ചതിൽ ഇ2-8373/17 നമ്പർ ഫയൽ പരിശോധിച്ചതിൽ ഹർജിക്കാരൻ നൽകിയ പരാതി പകർപ്പ് 28.06.2018 ന് തപാൽ നമ്പർ ഇട്ട് ഫയലിൽ നടപടി സ്വീകരിച്ചതായി കാണുന്നുവെന്നും പകർപ്പ് നിയമാനുസൃത ഫീസ് ഒടുക്കി പ്രവർത്തി ദിവസങ്ങളിൽ ഓഫിസിൽ നിന്നും കൈപ്പറ്റാവുന്നതാണെന്നുമാണ്.
5. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 12.11.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 19.04.2017 ന് പരാതി നൽകിയിട്ടില്ലെന്നും 70 ദിവസം കഴിഞ്ഞാണ് മറുപടി നൽകിയതെന്നും മറ്റുമാണ്.
6. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 04.12.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, പരാതിയിൽ പരാമർശിച്ചിട്ടുള്ള കത്തിന്റെ പകർപ്പ് ടി ഓഫീസിൽ നിന്നുള്ള 11.10.2018 ലെ ഇ2-9955/18 നമ്പർ പ്രകാരം കൈപ്പറ്റിയിട്ടുള്ളതാണെന്നും ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള 18.04.2017 ന് നൽകിയെന്നു പറയുന്ന പരാതി ഇ2-8373/17 നമ്പർ ഫയൽ പരിശോധിച്ചതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നുമാണ്.
7. 27.04.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള പരാതി ഇ2/8373/17 നഗരസഭ ഓഫീസിൽ 28.06.2017 ന് സ്വീകരിച്ചിട്ടുള്ളതും, ബിൽഡിംങ് ഇൻസ്പെക്ടർ

പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതു പ്രകാരം ഹർജിക്കാരന്റെ അയൽപക്കത്തുള്ള ശ്രീമതി സത്യഭാമയുടെ പഴയകെട്ടിടത്തിന്റെ ഒരുവരി ഓട് ടിയാന്റെ കോമ്പൗണ്ടിലേയ്ക്ക് തള്ളിനിൽക്കുന്നതു സംബന്ധിച്ചായിരുന്നുവെന്നും, ആയത്നീക്കം ചെയ്യുന്നതിനായി നോട്ടീസ് നൽകിയെന്നും നീക്കം ചെയ്യാത്തതിനെ ത്തുടർന്ന് ഹർജിക്കാരൻ വീണ്ടും പരാതി നൽകിയെന്നും 26.07.2018 ന് നഗരസഭ സെക്രട്ടറി ഇരുകക്ഷികളെയും നേരിൽ കേൾക്കുകയും അനധികൃത നിർമ്മാണം ഉടനെ നീക്കം ചെയ്യാൻ KMBR Rule 18-3 പ്രകാരം നോട്ടീസ് നൽകിയെന്നും തുടർന്ന് ഹർജിക്കാരനെതിരെ ശ്രീമതി സത്യഭാമ PH1-6544/18 നമ്പർ പരാതി (തെങ്ങ് മുറിച്ചുമാറ്റുന്നത് സംബന്ധിച്ച്) നൽകുകയും, മുനിസിപ്പൽ എഞ്ചിനീയർ ഹെൽത്ത് വിഭാഗത്തിൽ നിന്നുള്ള മരം അപകടാവസ്ഥയിലല്ല എന്ന റിപ്പോർട്ടിനെത്തുടർന്ന് അനധികൃതനിർമ്മാണം എത്രയും വേഗം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും, ഹർജിക്കാരൻ അപ്പീൽ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള 11.10.2018 ലെ ഇ2-9955/18 നമ്പർപരാതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അനുവദിച്ചിട്ടുള്ളതും തീയതികൾ തിരുത്തി എന്നു പറയുന്നത് അടിസ്ഥാനരഹിതമാണെന്നും, 18.04.2017 ൽ വാർഡ് സഭ യോഗം ചേർന്നിട്ടില്ലാത്തതും മീറ്റിംഗ് മിനിറ്റ്സ് ഇല്ലാത്തതുമാണെന്നുമാണ്. 24.10.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കുള്ള മറുപടി സമയബന്ധിതമായി നൽകിയിട്ടുണ്ടെന്നും, പരാതിക്കാസ്പദമായ അനധികൃതനിർമ്മാണം പൊളിച്ചു നീക്കുന്നതിന് ഹർജിക്കാരൻ പരാതി നൽകിയതിൻ പ്രകാരം താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി ചിറ്റൂർ മുമ്പാകെ കേസ് നിലവിലുള്ളതും, 13.07.2019, 12.10.2019 തീയതികളിൽ ഹിയറിംഗ് നടന്നതും ബഹു. കോടതി നിലവിലുള്ള പാരിസ്ഥിതിക ചുറ്റുപാടുകൾ കണക്കിലെടുത്ത് അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 11.11.2019 വരെ സമയം നൽകിയിട്ടുള്ളതാണെന്നും ആയതിന് നഗരസഭ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നുമാണ്.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള 19.04.2017 അപേക്ഷ 28.06.2017ന് തപാലിൽ സ്വീകരിച്ചതിലെ കാലതാമസം കമ്മീഷൻ വീക്ഷിക്കുകയും ആയതിനെസംബന്ധിച്ച് ഒരു വിശദീകരണം 15 ദിവസത്തിനകം കമ്മീഷനിൽ നൽകാൻ നിർദ്ദേശിക്കുകയും 7.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ നഗരസഭ സെക്രട്ടറി സഭയുടെ പരാമർശിത കാലയളവിലെ കോ-ഓർഡിനേറ്ററിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടുവെന്നും, നൽകിയ വിശദികരണത്തിൽ 20.04.2017 ന് വാർഡ് സഭ

നവകേരളമിഷനുമായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതിയുമായി ബന്ധപ്പെട്ടാണ് മീറ്റിംഗ് ചേർന്നതെന്നും, ടി യോഗവുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും മിനിറ്റ്സ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിൽ ഹർജിക്കാരൻ ടി യോഗത്തിൽ പരാതി സമർപ്പിച്ചതായി കാണുന്നില്ലെന്നും, ഹർജിക്കാരൻ 2-ാം അപ്പീലിൽ 28.06.2017 ന് നഗരസഭ ഓഫീസിൽ പരാതി സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും, അതേദിവസം നഗരസഭ സെക്രട്ടറി 28.06.2017 തിയതിവച്ച് ഒപ്പുവച്ചതിന് ശേഷമാണ് തപാലിൽ സ്വീകരിച്ചിട്ടുള്ളതെന്നും, രശീതി അന്നേദിവസം നൽകിയെന്നും, തപാലിൽ സ്വീകരിച്ച അന്നുതന്നെ, ഫയൽ നടപടികൾ സ്വീകരിച്ചെന്നും ആയതിനാൽ കാലതാമസത്തിന് ഇടനൽകിയില്ലെന്നും മറുപടി സമയബന്ധിതമായി നൽകിയെന്നും മറ്റുമാണ്. 04.11.2019 ന് ഹർജിക്കാരൻ നൽകിയ പരാതിക്ക് ആസ്പദമായ അനധികൃത നിർമ്മാണം പൊളിച്ചു നീക്കം ചെയ്തുവെന്നും താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചുവെന്നും അറിയിച്ചു. മേൽപറഞ്ഞ എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് പ്രകാരം ഹർജിക്കാരന്റെ പരാതി പരിഹരിച്ചതായി കാണുന്നതിനാൽ ടി പരാതി ഹരജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res